**175 (1779) ഓഡിറ്റർ നിയമനം**

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയുടെ കീഴിൽ രോഗികൾക്ക് വേണ്ട സാധനസാമഗ്രികൾ, സർവ്വീസ്സഹായം, മറ്റു സേവനങ്ങൾ എന്നിവ നൽകുന്നതിനുവേണ്ടി ഏതൊക്കെ സ്ഥാപനങ്ങൾ/സംരംഭങ്ങൾ നിലവിലുണ്ട്; ഓരോന്നിന്റെയും പ്രതിമാസ വിറ്റുവരവ്/വരുമാനം എത്ര രൂപ വീതമാണ്.;

(ബി) പ്രസ്തുത സൊസൈറ്റി ഏത് ഏജൻസിയെ ആണ് ആഡിറ്റ റായി നിയമിച്ചിട്ടുള്ളത്. ഏത് ഉത്തരവ് അനുസരിച്ച് എന്നു മുതൽ ആണ് പ്രസ്തുത നിയമനം നടത്തിയിട്ടുള്ളത്; ഈ നിയമനത്തിന് സർക്കാരിന്റെ അംഗീകാരം നേടിയിട്ടുണ്ടോ;

(സി) ഓഡിറ്റർക്ക് എന്തെല്ലാം ജോലികൾ ഏതൊക്കെ അടിസ്ഥാന ത്തിലാണ് നൽകിയിട്ടുള്ളത്;

(ഡി) ശ്രീ. ഗോപകുമാർ ആന്റ് കമ്പനിയെ സൊസൈറ്റിയുടെ സ്റ്റാറ്റ്യൂ ട്ടറി ഓഡിറ്ററായോ ഇന്റേണൽ ഓഡിറ്ററായോ നിയമിച്ചിട്ടുണ്ടോ; ഏതെല്ലാം ഏജൻസികൾ ഇതിനോടകം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പേയിംഗ് കൗണ്ടറിൽ ബാഹ്യ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്;

(ഇ) സൊസൈറ്റിയുടെ വാർഷിക യോഗത്തിൽ പേയിംഗ് കൗണ്ടറി നെതിരെ ഓഡിറ്റർ ചില ആരോപണങ്ങൾ ഉന്നയിച്ചതായുള്ള പത്രവാർത്ത കൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത യോഗത്തിൽ പെയിംഗ് കൗണ്ടറിന്റെ ചുമതലയുള്ള ഓഫീസറെയോ കൗണ്ടറിന്റെ മാനേ ജ്മെന്റ് സർക്കാർ നിർദ്ദേശം അനുസരിച്ച് ഏൽപ്പിച്ചിട്ടുള്ള ഫാർമസി വിഭാഗ ത്തിലുള്ള ഉദ്യോഗസ്ഥരെയോ ക്ഷണിച്ചില്ല എന്ന പരാതി സർക്കാരിന് ലഭിച്ചി ട്ടുണ്ടോ; എങ്കിൽ സർക്കാർതലത്തിൽ അന്വേഷണം ഏർപ്പെടുത്തുമോ;

(എഫ്) പേയിംഗ് കൗണ്ടറിന്റെ ചുമതലയുള്ള വനിതാ ഓഫീസറേയും മറ്റു ചില വനിതാ ജീവനക്കാരെയും ഒരു ഉദ്യോഗസ്ഥൻ വാർഷിക പൊതു യോഗത്തിനു മുമ്പേ ഭീഷണിപ്പെടുത്തിയതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യവും അന്വേഷിക്കുമോ;

(ജി) ഓഡിറ്റർക്കെതിരെ ഗൗരവതരമായ ചില ആക്ഷേപങ്ങൾ രേഖാ മൂലം സൊസൈറ്റി അധികാരികൾക്ക് പേയിംഗ് കൗണ്ടറിന്റെ ഓഫീസർ-ഇൻ-ചാർജ്ജ് നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദീകരി ക്കുമോ; പ്രസ്തുത പരാതികളെപ്പറ്റി സൊസൈറ്റിയുടെ വാർഷിക യോഗ ത്തിൽ എന്തുകൊണ്ടാണ് റിപ്പോർട്ട് ചെയ്യാതിരുന്നതെന്ന് അന്വേഷിക്കുമോ;

(എച്ച്) ഈ വർഷത്തെ ഓഡിറ്റിൽ എത്ര രൂപയുടെ മരുന്ന് പേയിംഗ് കൗണ്ടറിൽ ഉള്ളതായിട്ടാണ് ഓഡിറ്റർ രേഖപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത കണക്ക് ആരാണ് എടുത്തിട്ടുള്ളത്. ഓഡിറ്റർ കൃത്രിമമായി കണക്ക് സൃഷ്ടിച്ചുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടുണ്ടോ; എങ്കിൽ സർക്കാർതല ത്തിൽ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കുമോ; കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര രൂപയുടെ സ്റ്റോക്ക് വീതം ഉണ്ടായിരുന്നു;

(ഐ) പേയിംഗ് കൗണ്ടർ പോലുള്ള സ്ഥാപനങ്ങൾ നിർത്തലാക്കാൻ ഓഡിറ്റർമാർ ശ്രമിക്കുന്നതായ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെതിരെ എന്തൊക്കെ നടപടികളാണ് സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നത്?

ഉത്തരം

| (എ) | സ്ഥാപനങ്ങൾ/ സംരംഭങ്ങൾ | ശരാശരി പ്രതിമാസ വിറ്റുവരവ്/ വരുമാനം (രൂപ) |
|---|---|---|
| 1. | പേയിംഗ് കൗണ്ടർ | 65,24,782/- |
| 2. | ഡോർമിറ്ററി ആന്റ് ടോയ്‌ലറ്റ് ബ്ലോക്ക് | 71,002/- |
| 3. | ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി | 12,33.405/- |
| 4. | ലാബറട്ടറി സർവീസ് | 2,72.178/- |
| 5. | ഓപ്പൺ ഹാർട്ട് സർജറി | 2,25.000/- |
| 6. | സി.ടി. സ്കാൻ | 4,75.488/- |

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ആശുപത്രി വികസന സൊസൈറ്റിയുടെ വാർഷിക പൊതുയോഗത്തിലെടുത്ത തീരുമാനപ്രകാരം 1995 മുതൽ മെസ്സേഴ്സ് ഗോപകുമാർ ആന്റ് കമ്പനിയെ ഇന്റേണൽ ആഡിറ്റിന്റെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി ഒരു ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യപ്പെട്ടതിനാൽ ഓഡിറ്റർ നിയമനത്തിന് ഗവൺമെന്റ് അംഗീകാരം തേടിയിട്ടില്ല. പ്രസ്തുത കമ്പനിയുടെ ഓഡിറ്റിംഗ് കൂടാതെ അക്കൗണ്ടന്റ് ജനറലും ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷനിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗവും കാലാകാലങ്ങളിൽ സൊസൈറ്റിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യാറുണ്ട്.

(സി) മെസ്സേഴ്സ് ഗോപകുമാർ ആന്റ് കമ്പനിയെ ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഡിറ്റും അക്കൗണ്ട്സ് കമ്പ്യൂട്ടറൈസ് ചെയ്യുന്ന ജോലിയും ഏൽപ്പിച്ചിട്ടുണ്ട്.

(ഡി) മെസ്സേഴ്സ് ഗോപകുമാർ ആന്റ് കമ്പനിയെ സൊസൈറ്റി ബൈലാ അനുശാസിക്കുന്ന പ്രകാരം ഇന്റേണൽ ആഡിറ്റിംഗിനായിട്ടാണ് നിയമിച്ചിട്ടുള്ളത്. ഇതൊരു സ്റ്റാറ്റ്യൂട്ടറി സൊസൈറ്റി അല്ല. പേയിംഗ് കൗണ്ടറിന്റെ കണക്കുകൾ ഡി.എം.ഇ യിലെ ഇന്റേണൽ ആഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറലും പരിശോധിച്ചിട്ടുണ്ട്.

(ഇ) സൊസൈറ്റിയുടെ വാർഷികയോഗത്തിൽ ആഡിറ്റർ ചില പരാമർശങ്ങൾ നടത്തിയിട്ടുണ്ടെന്നും ഇതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സൊസൈറ്റിയുടെ വാർഷിക പൊതുയോഗം ഒരു ഒരു സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതായി ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പരാതിയൊന്നും ലഭിച്ചിട്ടില്ല.

(എഫ്) പരാതി ലഭിച്ചിട്ടില്ല.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) ഈ വർഷത്തെ ആഡിറ്റിൽ 3,04,50,989/- രൂപയുടെ മരുന്ന് പേയിംഗ് കൗണ്ടറിൽ ഉള്ളതായിട്ടാണ് ആഡിറ്റർ രേഖപ്പെടുത്തിയിട്ടുള്ളത്. സി.ആർ. ഗോപകുമാർ ആന്റ് കമ്പനിയാണ് ഈ കണക്കെടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ഓഡിറ്റർ കണക്ക് കൃത്രിമമായി സൃഷ്ടിച്ചുവെന്ന ഒരു ആരോപണം ലഭിച്ചിട്ടില്ല. കഴിഞ്ഞ രണ്ടു വർഷത്തെ സ്റ്റോക്ക് വീതത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

1996-97 = 9155420 രൂപ

1997-98 = 25246488 രൂപ

(ഐ) ഇങ്ങനെ ഒരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരാശുപത്രികളിൽ പേയിംഗ് കൗണ്ടറുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

**176 (1780) റീഇംപേഴ്സ്മെന്റ് പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എ.കെ.ജി സഹകരണ ആശുപത്രിയെ മെഡിക്കൽ റീഇംപേഴ്സ്മെന്റിന് അനുവദിക്കുന്ന ആശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ആശുപത്രിയിലെ ചികിത്സാസൗകര്യങ്ങളും അവയുടെ ചാർജ്ജും ആശുപത്രി അധികൃതർ, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടർ ഇത് പരിശോധിച്ചുവരുന്നു. ഡയറക്ടറുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് മേൽനടപടി സ്വീകരിക്കുന്നതാണ്.

**177 (1781) "അധിക സ്റ്റാഫിനെ നിയമിക്കാൻ നടപടി"**

ശ്രീ. എം. വി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് അധിക സ്റ്റാഫിനെ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പുതിയ ആശുപത്രി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ടോ;

(ഡി) എങ്കിൽ അധിക സ്റ്റാഫിനെ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ബി) ഉണ്ട്. ഇത് സംബന്ധിച്ച് ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പു ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly